# CENTRAL BOARD OF SECONDARY EDUCATION

## SAMPLE QUESTION PAPER FOR SSCE-2024-25

Std: XII
TIME ALLOWED: 3 Hrs
അനുവദിച്ച സമയം: 3 മണിക്കൂർ

Maximum Marks: 80
ആകെ മാർക്ക് : 80

## MALAYALAM (CODE - 112)

*The question paper is divided into three sections:*

*Section A: Objective (MCQ) - 25 Marks*

*Section B: Descriptive - 40 Marks*

*Section C: Creative Writing -15 Marks*

### Section A/എ. വിഭാഗം

**1. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക**

**(5x1=5)**

1. (I) "കമലശ്രീ ഹരിപ്പാനോ
കരം നീട്ടുന്നു വെണ്മതി"
ഈ വരികളിലെ അലങ്കാരമേത്?

a. ഫലോൽപ്രേക്ഷ b. ധർമ്മ്യുൽപ്രേക്ഷ
c. ധർമ്മോൽപ്രേക്ഷ d. ഹേതുൽപ്രേക്ഷ

1. (II) വാചകപദമില്ലാതെ വരുന്ന ഉൽപ്രേക്ഷ വിഭാഗമേത്?

a. ഫലോൽപ്രേക്ഷ b. ഗമ്യോൽപ്രേക്ഷ
c. ധർമ്മ്യുൽപ്രേക്ഷ d. വാച്യോൽപ്രേക്ഷ

1. (III) കേരളപാണിനി രചിച്ച അലങ്കാരശാസ്ത്ര ഗ്രന്ഥമേത്?

a. മണിദീപിക b. കേരളപാണിനീയം
c. വൃത്തമഞ്ജരി d. ഭാഷാഭൂഷണം

1. (IV) വിഷയം ഒരു വസ്തുവായാൽ അത് ഉൽപ്രേക്ഷയുടെ ഏതു വിഭാഗത്തിൽ ഉൾപ്പെടും?

a. ധർമ്മോൽപ്രേക്ഷ b. ധർമ്മ്യുൽപ്രേക്ഷ
c. ഫലോൽപ്രേക്ഷ d. ഹേതുൽപ്രേക്ഷ

1. (V) ഏതിനെ മറ്റൊന്നിനോട് ഉപമിക്കുന്നുവോ അതാണ് ........

a. ചമത്കാരം b. സാധാരണ ധർമ്മം c. ഉപമേയം d. ഉപമാനം

1. (VI) ചമത്കാരത്തിന് ആശ്രയമായ വാക്യഭംഗിയ്ക്കു പറയുന്ന പേരെന്ത്?

a. സഹൃദയൻ b. അലങ്കാരം c. വൃത്തം d. ധർമ്മം

1. (VII) ധർമ്മ്യുൽപ്രേക്ഷയുടെ മറ്റൊരു പേരെന്ത്?

a. വസ്തുൽപ്രേക്ഷ b. ഗമ്യോൽപ്രേക്ഷ c. വാച്യോൽപ്രേക്ഷ d. ഹേതുൽപ്രേക്ഷ

**2. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (ഓരോന്നിലും രണ്ട് ഉപചോദ്യങ്ങൾ ഉണ്ട്)** **(5x2=10)**

2. (I) (i) കാട് അസ്വസ്ഥമാകുന്നു എന്ന് സൂചിപ്പിക്കുന്ന പ്രയോഗം ഏത്?

a. ഇടിമിന്നൽ പൂക്കും മാനം b. നീറായ വനം

c. കളമെഴുതി പാടിയ രാവുകൾ d. കണയേറ്റ കരിമ്പുലി

(ii) താഴെ തന്നിരിക്കുന്നതിൽ കിരാതവൃത്തത്തിന്റെ പ്രധാനപ്പെട്ട പ്രത്യേകതകളിൽ ഒന്നായി പരിഗണിക്കാവുന്നതേത്?

a. സംസ്കൃത പദങ്ങൾ b. ദ്രാവിഡത്തനിമ c. പ്രാസഭംഗി d. മിശ്രഭാഷ

2. (II) (i) കൊല്ലുന്നതിനേക്കാൾ ശല്യമായുള്ളത് എന്ത്?

a. കഷായം കുടിക്കുന്നത്

b. വിഷമങ്ങൾ പറയുന്നത്

c. കൊള്ളിവാക്കു ചൊല്ലുന്നത്

d. രോഗം വഷളാകുന്നത്

(ii) ശീലാവതിയുടെ ഭർത്താവ് ഏതു വംശജനാണ്?

a. ഭൃഗുവംശം b. ചന്ദ്രവംശം

c. സൂര്യവംശം d. രഘുവംശം

2. (III) (i) സർവദമനൻ പിൽക്കാലത്ത് ഏത് പേരിലാണ് പ്രസിദ്ധനായത്?

a. ദുഷ്ഷന്തൻ b. കണ്വൻ

c. ഭരതൻ d. കാശ്യപൻ

(ii) ഈ പേരിൽ അറിയപ്പെടും എന്ന് ധരണീപതിയെ അറിയിക്കുന്നതാര്?

a. കാശ്യപൻ b. അശരീരി c. അനസൂയ d. വിശ്വാമിത്രൻ

2. (IV) 'ധീമാനവനെന്നോട് നാമവും വാർത്തയും ചൊന്നാൻ'

(i) ധീമാൻ എന്ന് വിശേഷിപ്പിക്കുന്നതാരെയാണ്?

a. ഋതുപർണ്ണനെ b. നളനെ c. ബാഹുകനെ d. ഹംസത്തെ

(ii) ആരോടാണ് നാമവും വാർത്തയും ചൊന്നത്?

a. കേശിനിയോട് b. ബാഹുകനോട്

c. ദമയന്തിയോട് d. ഭീമരാജാവിനോട്

2. (V) (i) 'മലയാളത്തിന്റെ ശാകുന്തളം' എന്നറിയപ്പെടുന്ന കൃതി ഏത്?

a. നളചരിതം ആട്ടക്കഥ b. ശീലാവതീചരിതം ഓട്ടൻ തുള്ളൽ

c. അദ്ധ്യാത്മരാമായണം കിളിപ്പാട്ട് d. ത്രിപുരദഹനം

ii) രണ്ടു പദങ്ങൾക്കിടയിലെ കഥാപരമായ വികാസത്തിന്റെ സൂചന നൽകുന്നതിനുള്ള മാർഗം ഏതാണ്?

a. ദണ്ഡകങ്ങൾ b. അഭിനയം c. വാദ്യസംഗീതം d. ശ്ലോകങ്ങൾ

2. (VI) (i) 'കിരാതവൃത്ത'ത്തിലെ കാട്ടാളൻ എന്ന സങ്കല്പം കവി ഏത് കലാരൂപത്തിൽ നിന്ന് സ്വാംശീകരിച്ചതാണ്?

a. തെയ്യം b. മുടിയേറ്റ് c. ഭൈരവിക്കോലം d. തീചാമുണ്ഡി

(ii) കടമ്മനിട്ടയുടെ 'ഗോദോയെ കാത്ത്' എന്ന രചന ഏത് വിഖ്യാത എഴുത്തുകാരന്റെ കൃതിയുടെ വിവർത്തനമാണ്?

a. ഷൂസേ സരമാഗു b. ഒക്ടോവിയോ പാസ്

c. ഗബ്രിയേല മാർക്വസ് d. സാമുവൽ ബക്കറ്റ്

**3. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**
**(ഓരോന്നിലും രണ്ട് ഉപചോദ്യങ്ങൾ ഉണ്ട്)** **(5x2=10)**

3. (I) "കണ്ടവന്റെയൊന്നും പടം എനിക്ക് ആവശ്യമില്ല."

(i) ആരോടാണ് ഇങ്ങനെ പറയുന്നത്?

a. കടക്കാരനോട് b. കുട്ടികളോട്

c. ദിവാകരനോട് d. ഇവരോടൊന്നുമല്ല

(ii) ഇങ്ങനെ പറയുന്ന ആളുടെ അപ്പോഴത്തെ ഭാവം എന്തായിരുന്നു?

. a. നിരാശ b. സന്തോഷം c. ക്ഷോഭം d. സംശയം

3. (II) (i) ഭാഷയിൽ പാരുഷ്യത്തിന്റെ സിംഫണി കണ്ടെത്തിയ എഴുത്തുകാരനാരാണ്?

a. കടമ്മനിട്ട b. കുഞ്ചൻ നമ്പ്യാർ c. പത്മരാജൻ d. ഉണ്ണായിവാര്യർ

(ii) 'പ്രതിമയും രാജകുമാരിയും' എന്ന കൃതി ഏതു സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്നു?

a. ആട്ടക്കഥ b. നിരൂപണം c. ചെറുകഥ d. നോവൽ

3. (III) 'അവൻ തിടുക്കത്തിൽ അനാവശ്യമായ ഒരു പ്രസംഗത്തിന്റെ ചാലിൽ വീണു.'

(i) വീണതാരാണ്?

a. ദിവാകരൻ b. കടക്കാരൻ c. ആൺഗൗളി d. യുവാവ്

(ii) എന്തുകൊണ്ടാവാം അവൻ തിടുക്കപ്പെട്ടത്?

a. ഛായാപടം ലഭിക്കുന്നതിനായി

b. കച്ചവടം നടക്കുന്നതിനായി

c. പെൺഗൗളിയുടെ ചോദ്യം കേട്ട് പതറിയതിനാൽ

d. യുവതിയുടെ മൗനം കണ്ടിട്ട്

3. (IV) (i) 'നവമാധ്യമം' എന്ന വിളിപ്പേരിനേക്കാൾ ഉചിതം ഏത് പേരാണ്?

a. സാമൂഹിക മാധ്യമം b. ഇൻസ്റ്റാഗ്രാം

c. പരമ്പരാഗത മാധ്യമം d. ബ്ലോഗ്

(ii) 'നവമാധ്യമങ്ങൾ ശക്തിയും സാധ്യതയും' എന്ന ലേഖനം എഴുതിയതാര്?

a. എം. കെ. ആദർശ് b. പി. കെ. ആദർശ്

c. വി. കെ. ആദർശ് d. ഏ. കെ. ആദർശ്

3. (V) (i) 'ഫോർത്ത് എസ്റ്റേറ്റ്' എന്ന് വിളിക്കുന്നത് എന്തിനെയാണ്?

. a. മാധ്യമങ്ങൾ b. പത്രങ്ങൾ c. ജുഡീഷ്യറി d. ഇതൊന്നുമല്ല

(ii) വസ്തുതകളുടെ പിൻബലത്തോടെ മർമ്മത്തു കൊള്ളുന്ന ചോദ്യങ്ങൾ ചോദിക്കാൻ സാധാരണ പൗരന്മാരെ പ്രാപ്തരാക്കുന്ന ഇടമേതാണ് ?

a. ചാറ്റ് ജി. പി. ടി. b. യൂണികോഡ്

c. പുസ്തകങ്ങൾ d. ഇൻറർനെറ്റ് വിവരപ്പുരകൾ

3. (VI) (i) ആഖ്യാനത്തിൽ മിന്നിമറയുന്ന ഹാസ്യം ഉള്ളടങ്ങിയിരിക്കുന്ന കഥ എന്ന് വിശേഷിപ്പിക്കപ്പെടാവുന്ന രചനയേത്?

a. ഗൗളിജന്മം b. അവകാശങ്ങളുടെ പ്രശ്നം

c. കിരാതവൃത്തം d. നരകവാതിൽ

(ii) 'കാവേരിയുടെ നേര്' എന്ന കൃതിയുടെ കർത്താവാരാണ് ?

a. ഗ്രേസി b. കടമ്മനിട്ട c. പത്മരാജൻ d. എം. ടി. വാസുദേവൻ നായർ

## Section : B / ബി. വിഭാഗം

**4. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം)**

ചരിത്രം ഉണ്ടായതിനു വളരെ മുമ്പ് തന്നെ മനുഷ്യർ ഉണ്ടായിരുന്നു. ആധുനിക മനുഷ്യരെ പോലെയുള്ള മൃഗങ്ങൾ ഏതാണ്ട് രണ്ടര ദശലക്ഷം വർഷങ്ങൾക്കു മുൻപ് ആദ്യമായി പ്രത്യക്ഷപ്പെട്ടു. എന്നാൽ എണ്ണമറ്റ തലമുറകളോളം അവർ തങ്ങളുടെ വാസസ്ഥാനത്ത് ഉണ്ടായിരുന്ന മറ്റനേകം ജീവികളിൽ നിന്ന് വ്യത്യസ്തമായ പ്രത്യേകതകൾ ഒന്നും കാണിച്ചിരുന്നില്ല. മനുഷ്യരുടെ പിൻഗാമികൾ ഒരുദിനം ചന്ദ്രനിൽ നടക്കുമെന്നോ അണുവിനെ വിഭജിക്കുമെന്നോ ജീനിന്റെ ഘടനയെ ആഴത്തിൽ അറിയുമെന്നോ ചരിത്ര പുസ്തകങ്ങൾ എഴുതുമെന്നോ ആരും, മനുഷ്യരും, ഊഹിച്ചു പോലും കാണില്ല. മനുഷ്യർ അപ്രധാനമായ ജീവികളായിരുന്നു എന്നതും ഗൊറില്ലയ്ക്കോ മിന്നാമിനുങ്ങിനോ നക്ഷത്ര മത്സ്യത്തിനോ ചെയ്യാൻ കഴിയുന്നതിലധികം സ്വാധീനമൊന്നും മനുഷ്യർക്ക് ചെയ്യാൻ കഴിയുമായിരുന്നില്ല എന്നതുമാണ് ചരിത്രാതീതകാലത്തെ മനുഷ്യരെക്കുറിച്ച് അറിയേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം. ജീവശാസ്ത്രജ്ഞന്മാർ ജീവികളെ സ്പീഷീസുകൾ ആയി തരംതിരിക്കുന്നു. ഒരേ പൊതു പിതാവിൽ നിന്ന് ഉത്ഭവിച്ച സ്പീഷീസുകളെ ജനുസ് എന്ന തലക്കെട്ടോടെ ചേർത്തു വയ്ക്കുന്നു. പാന്ഥേര എന്ന ജനുസ്സിനുള്ളിലെ വ്യത്യസ്ത സ്പീഷിസുകളാണ് സിംഹവും കടുവയും പുലിയും ജാഗ്വാറും. ജീവശാസ്ത്രജ്ഞർ ജീവികൾക്ക് പേര് നൽകുന്നത് രണ്ടു വാക്കുകളുള്ള ലാറ്റിൻ പേരാണ്. ആദ്യം ജനുസിന്റെ പേരും രണ്ടാമത് സ്പീഷിസിന്റെ പേരും. ഉദാഹരണമായി സിംഹങ്ങളുടെ പേര് പാന്ഥേര ലിയോ എന്നാണ്. അതായത് പാന്ഥേര ജനുസിൽപ്പെട്ട ലിയോ സ്പീഷിസുകളാണ് സിംഹങ്ങൾ എന്നർത്ഥം. ഇതു പോലെ മനുഷ്യരെ എല്ലാം ഹോമോ സാപ്പിയൻസ് എന്നു വിളിക്കുന്നു. ഹോമോ എന്നാൽ മനുഷ്യൻ എന്നും സാപിയൻസ് എന്നാൽ ബുദ്ധിയുള്ള എന്നും പറയാം. ജനുസുകളെ ചേർത്ത് ഫാമിലി കണക്കാക്കുന്നു. പൂച്ചകൾ (സിംഹം, ചീറ്റ, വീട്ടിൽ വളർത്തുന്ന പൂച്ച) ഒരു കുടുംബം. നായകൾ (ചെന്നായ, കുറുക്കൻ, കുറുനരി) മറ്റൊരു കുടുംബം. ആനകൾ (ആന, മാമോത്ത്, മാസ്റ്റഡോൺ) വേറൊരു കുടുംബം. ഏറ്റവും ചെറിയ പൂച്ച മുതൽ ഏറ്റവും ക്രൂരതയുള്ള സിംഹം വരെ 25 ദശലക്ഷം വർഷം മുമ്പ് ജീവിച്ചിരുന്ന ഒരു പൊതു പിൻഗാമിയുടെ പിന്മുറക്കാരാണ്. ഹോമോസാപ്പിയൻസും ഒരു കുടുംബത്തിൽ ഉൾപ്പെടുന്നു. മഹത്തായ കുരങ്ങന്മാർ (ഗ്രേറ്റ് ഏപ്സ്) എന്ന വലിപ്പമുള്ളതും ശബ്ദമുണ്ടാക്കുന്നതുമായ ഒരു കുടുംബത്തിലെ അംഗങ്ങളാണ് നാം. നമ്മുടെ ജീവിച്ചിരിക്കുന്ന ഏറ്റവും അടുത്ത ബന്ധുക്കളിൽപ്പെടുന്നവരാണ് ചിമ്പാൻസിയും ഗോറില്ലയും ഒറാങ്ങുട്ടാങ്ങും. സതേൺ ഏപ് (ദക്ഷിണ കുരങ്ങൻ) എന്നർത്ഥമുള്ള ആസ്ട്രേലിയലോപിറ്റസ് എന്ന ഒരു മുൻകാല ഏപ്പുകളുടെ ജനുസ്സിൽ നിന്ന് രണ്ടര ദശലക്ഷം വർഷം മുമ്പ് ഈസ്റ്റ് ആഫ്രിക്കയിൽ മനുഷ്യർ ആദ്യം ഉരുത്തിരിഞ്ഞു. ഈ പൗരാണിക പുരുഷന്മാരിലെയും സ്ത്രീകളിലെയും ചിലർ തങ്ങളുടെ സ്വദേശം വിട്ട് വടക്കേ ആഫ്രിക്കയിലും യൂറോപ്പിലും ഏഷ്യയിലും യാത്ര ചെയ്യുകയും അവിടങ്ങളിൽ വാസം ഉറപ്പിക്കുകയും ചെയ്തു. വടക്കേ യൂറോപ്പിലെ മഞ്ഞുപെയ്യുന്ന വനങ്ങളിൽ കഴിയുന്നതിനും അതിജീവിക്കുന്നതിനും ആവശ്യമായത് ഇന്തോനേഷ്യയിലെ ആവിയും ഉഷ്ണവുമുള്ള കാടുകളിൽ ജീവിക്കുന്നതിന് ആവശ്യമായതിനേക്കാൾ വ്യത്യസ്തമായ കഴിവുകളാണ്. അങ്ങനെ മനുഷ്യരായ ജനങ്ങൾ വ്യത്യസ്ത ദിശകളിൽ പരിണാമത്തിനു വിധേയമായി. വ്യത്യസ്തങ്ങളായ സ്പീഷീസുകൾ ആയിരുന്നു അതിന്റെ അനന്തരഫലം. യൂറോപ്പിലെയും പശ്ചിമേഷ്യയിലെയും മനുഷ്യർ ഹോമോ നിയാണ്ടർതാലെൻസിസ് ആയി പരിണമിച്ചു. സാപിയൻസിനേക്കാൾ വലിപ്പവും ഭാരവും മസിലുകളും ഉള്ള നിയാണ്ടർതാൽമാർ പശ്ചിമയൂറേഷ്യയിലെ മഞ്ഞുകാലഘട്ടത്തിലെ തണുത്ത കാലാവസ്ഥയിൽ ജീവിക്കാൻ അനുയോജ്യമായ കഴിവ് കരസ്ഥമാക്കിയവരാണ്. ഏഷ്യയുടെ കുറെക്കൂടി പൂർവ്വ ദേശങ്ങളിൽ ജീവിച്ചത് ഹോമോ എറക്ടസ് ആണ്. അവർ അവിടെ രണ്ട് ദശലക്ഷം വർഷത്തോളം ജീവിക്കുകയും ഏറ്റവും നീണ്ടകാലം ജീവിച്ചിട്ടുള്ള മനുഷ്യ സ്പീഷീസ് ആയിരിക്കുകയും ചെയ്തു.

**ചോദ്യങ്ങൾ** **(10x1=10)**

4 (I) ചരിത്രാതീതകാലത്തെ മനുഷ്യരെക്കുറിച്ച് അറിയേണ്ട പ്രധാനപ്പെട്ട കാര്യമെന്ത്?

4 (II) ജീവികൾ തരംതിരിക്കപ്പെടുമ്പോൾ ലഭിക്കുന്ന പേരെന്ത്?

4 (III) പാന്ഥേര ജനുസിൽപ്പെടുന്ന സ്പീഷീസുകൾ ഏതെല്ലാം?

4 (IV) ഏതു ഭാഷയിൽ നിന്നാണ് ജീവികൾക്ക് പേര് ലഭിക്കുന്നത്?

4 (V) ഹോമോസാപ്പിയൻസ് എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

4 (VI) സിംഹം ഏതു കുടുംബത്തിലെ അംഗമാണ്?

4 (VII) ഗ്രേറ്റ് ഏപ്സുമായി ഹോമോസാപ്പിയൻസിനുള്ള ബന്ധം എന്ത്?

4 (VIII) ആദിമ മനുഷ്യർ ആദ്യം ഉരുത്തിരിഞ്ഞത് എവിടെ?

4 (IX) ആദിമ മനുഷ്യർ ഏതൊക്കെ പ്രദേശങ്ങളിലാണ് വാസമുറപ്പിച്ചത്?

4 (X) മനുഷ്യർ പരിണാമത്തിന് വിധേയരായതെങ്ങനെ?

4 (XI) പരിണാമപ്രക്രിയയിൽ പശ്ചിമേഷ്യയിലെ മനുഷ്യർ അറിയപ്പെട്ടിരുന്നതെങ്ങനെ?

4 (XII) ആദിമ മനുഷ്യർ ഏതു ജനുസിൽ നിന്നാണ് ഉരുത്തിരിഞ്ഞു വന്നത്?

**5. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **(5x3=15)**

5 (I) ചൂഷണം ചെയ്യപ്പെട്ടവന്റെ വേദനയാണ് കിരാതവൃത്തത്തിൽ കവി വരച്ചിടുന്നത്. വിശകലനം ചെയ്യുക.

5 (II) നളചരിതത്തിലെ പദപ്രയോഗങ്ങളുടെ മനോഹാരിത കേശിനിമൊഴിയെ അടിസ്ഥാനമാക്കി വിവരിക്കുക.

5 (III) 'കൊള്ളിവാക്കല്ലാതൊന്നും' എന്ന പാഠഭാഗത്ത് നാം കണ്ടുമുട്ടുന്ന ശീലാവതി ആധുനിക സ്ത്രീകൾക്ക് മാതൃകയാക്കാൻ പറ്റിയ വ്യക്തിത്വം ഉള്ളവളാണോ? നിങ്ങളുടെ നിരീക്ഷണം രേഖപ്പെടുത്തുക.

5 (IV) "നല്ലനായിരിപ്പവൻ നല്ലതു ഗ്രഹിച്ചീടും
വെള്ളത്തെ വെടിഞ്ഞു പാലന്നമെന്നതുപോലെ"
ആശയവും സന്ദർഭവും വിശദമാക്കുക.

5 (V) ദുഷ്ഷന്തൻ ശകുന്തളയെ ആക്ഷേപിച്ചുകൊണ്ട് പറയുന്നതെന്തെല്ലാം?

5 (VI) പുതിയ സൂര്യൻ ഉദിക്കുന്ന ഒരു കാലം വരും എന്ന പ്രതീക്ഷയോടെയാണ് കിരാതവൃത്തം അവസാനിക്കുന്നത്. ആ പ്രതീക്ഷ സഫലമാക്കാൻ ആദിപിതാവായി മാറുന്ന കാട്ടാളൻ എന്തെല്ലാം ചെയ്യും?

**6. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **(5x3=15)**

6 (I) അവകാശങ്ങളുടെ പ്രശ്നം എന്ന കഥയിൽ പ്രയോജനപ്പെടുത്തിയിരിക്കുന്ന രചനാതന്ത്രങ്ങൾ ഏതെല്ലാം? അത് കഥാഗതിയെ നിയന്ത്രിക്കുന്നതെങ്ങനെ?

6 (II) 'ഒരു ഭയം മാത്രമാണ് അപ്പോഴും അയാളെ നിരുത്സാഹപ്പെടുത്തിയത്'. ആരെ? ഭയമെന്തായിരുന്നു? അതിന് കാരണമെന്ത്?

6 (III) 'ഗൗളിജന്മം' എന്ന കഥയിൽ സന്ദർശക എന്ന കഥാപാത്രത്തിന് പ്രാധാന്യമുണ്ടോ? നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

6 (IV) അഹന്തയിലും പാരമ്പര്യ വാദത്തിലും കുടുങ്ങിക്കിടക്കുന്ന പുരുഷവർഗ്ഗത്തിന്റെ പ്രതിനിധിയായി ആൺഗൗളിയെ വിലയിരുത്താം. സമർഥിക്കുക.

6 (V) 'ഇതിനെ അവഗണിച്ച് മുന്നോട്ട് പോകാൻ പറ്റില്ല'. ഏതിനെ? കാരണമെന്ത്?

6 (VI) 'ഇ-മലയാള'ത്തിന്റെ പ്രവർത്തന മേഖല വിപുലമായിക്കൊണ്ടിരിക്കുന്നു എന്ന് പറയാൻ കാരണമെന്ത്?

## Section C / സി വിഭാഗം

**7. താഴെ കൊടുത്തിരിക്കുന്ന രണ്ട് ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് 150 ൽ കുറയാത്ത വാക്കുകളിൽ ഉത്തരം എഴുതുക** **(1x5=5)**

(A) തന്നെ താനാക്കി മാറ്റിയ, എഴുത്തിന്റെ വളമിട്ടു തന്ന ആ പഴയ കഥാകാരന്മാരെ എം.ടി. നന്ദിയോടെ ഓർമിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(B) പാലക്കാട് പട്ടണത്തിലെ ജീവിതത്തെക്കുറിച്ച് എം. ടി. വാസുദേവൻ നായർ ഓർത്തെടുക്കുന്നതെന്തെല്ലാം?

**8. ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക** **(1x5=5)**

(A) നിർമ്മിത ബുദ്ധിയുടെ (Artificial Intelligence) അനന്തസാധ്യതകൾ

(B) വിലക്കയറ്റവും ആധുനിക സമൂഹവും

**9**. തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന അസമത്വങ്ങൾക്കെതിരെ നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വനിതാ കമ്മീഷൻ അധ്യക്ഷയ്ക്ക് കത്ത് തയ്യാറാക്കുക. **(1x5=5)**